(ബി) മെഡിക്കൽ കോളേജ് സ്കീമിൽ തിരുവനന്തപുരം വികസന അതോറിറ്റി അക്വയർ ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്ന 1.85 ഹെക്ടർ സ്ഥലം മിക്കവാറും കൈവശം എടുത്തുകഴിഞ്ഞു. കോടതിയിൽ കേസ്സുള്ള കുറച്ച് സ്ഥലം കൂടി മാത്രമേ എടുക്കുവാൻ ബാക്കിയുള്ളു. ചാലക്കുഴി റോഡിനും പൊറ്റക്കുഴി റോഡിനും ഇടയ്ക്കുള്ള സ്ഥലമാണിപ്രകാരം അക്വയർ ചെയ്തിട്ടുള്ളത്. ഇവിടെ പദ്ധതി പ്രകാരമുള്ള കെട്ടിടങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. അവിടെയുള്ള കടക്കാരെ കുടിയിരുത്താനുള്ള കെട്ടിടത്തിന്റെ പണി ഏകദേശം 30 ലക്ഷം രൂപായ്ക്കുള്ളിൽ തീർന്നു. പ്രവർത്തനം തുടങ്ങി. മിക്ക കടക്കാരെയും കുടിയിരുത്തി കഴിഞ്ഞു. പാളയം സ്കീമിൽ അക്വയർ ചെയ്യേണ്ട 1.738 ഹെക്ടർ സ്ഥലത്തിന്റെ 75% സ്ഥലത്തിനുള്ള പണം കൊടുത്തു കഴിഞ്ഞു. ഈ സ്ഥലം ഈ മാസാവസാനത്തോടുകൂടി കൈവശം കിട്ടുന്നതാണ്. കോടതി കേസ്സുള്ളതും ബിൽഡിംഗ് വാല്യുവേഷൻ തീരുവാനുള്ളതും ഉടനെ തന്നെ പൂർത്തിയാക്കുന്നതാണ്. ഇപ്പോഴുള്ള കടക്കാർക്ക് പുതിയ കെട്ടിടത്തിൽ സ്ഥലം കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്.

(സി) പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി സഹകാര്യവ്യക്തികൾക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കാറുണ്ട്.

പ്രീ-ഡിഗ്രി പരീക്ഷയുടെ റീവാല്യുവേഷൻ സമ്പ്രദായം

* 118. [120] ശ്രീ. എം. വി. മാണി :
,, ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രീ-ഡിഗ്രി പരീക്ഷയിലെ റീവാല്യുവേഷൻ സമ്പ്രദായം നിർത്തലാക്കാൻ ആലോചനയുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

ഇപ്പോഴം ഇല്ല.

നഗര പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ്

* 119. [121] ശ്രീ. പി. സീതി ഹാജി :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, എ. വി. അബ്ദുറഹിമാൻ ഹാജി :
,, നാലകത്തു സൂപ്പി :
, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിന് ലൈസൻസ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly